

കവർസ്റ്റോറി

എം. സാജിദ്

# ആശ്വാസവും ആശങ്കകളും ബാക്കിയാക്കിയ തെരഞ്ഞെടുപ്പ്

**പല സംസ്ഥാനങ്ങളിലും ഈയിടെ നടന്ന തെരഞ്ഞെടുപ്പുകളിൽ ബി.ജെ.പി തോറ്റു തുന്നംപാടിയിരുന്നു. പ്രതിപക്ഷത്തിരുന്ന് ബഹളംവെച്ചുവെന്നല്ലാതെ ഒരുകാര്യത്തിലും കോൺഗ്രസിൽ നിന്ന് വ്യത്യസ്തമായ നിലപാട് അവർക്കുണ്ടായിരുന്നില്ല. ഇതിനൊക്കെ പുറമെ ശക്തമായ പാളയത്തിൽ പടയും. മൃഗസ്നേഹിയായ മേനകാഗാന്ധിയുടെ മകൻ അവസാനം കുരച്ചുനോക്കിയെങ്കിലും പിലിഭിത്തിനു പുറത്തേക്ക് ശബ്ദം നീങ്ങിയില്ല. വരുണും മോഡിയും തങ്ങൾക്ക് ഉള്ളതും ഇല്ലാതാക്കിയെന്ന് ചില നേതാക്കൾ തുറന്നുപറയുകയും ചെയ്തു.**

**പ്രതീക്ഷിച്ചപോലെ** ബി.ജെ.പിയുടെ പിടി അയഞ്ഞുതുടങ്ങിയിരിക്കുന്നു. ഇത്തവണ വോട്ടെണ്ണിത്തീർന്നപ്പോൾ കാവിപ്പാർട്ടി 138ൽനിന്ന് 116ലേക്ക് ചുരുങ്ങി. ഒട്ടുമിക്ക ശക്തികേന്ദ്രങ്ങളിലും ബി.ജെ.പിക്ക് പിഴച്ചു. രാജ്യത്തൊന്നാകെ ബി.ജെ.പിവിരുദ്ധ തരംഗം ആഞ്ഞടിച്ചു.

ഇനി മൻമോഹൻ സിംഗിന് ഒന്നമർന്നിരിക്കാം. തലവേദനകളില്ലാത്ത, പാലം വലികളെ പേടിക്കേണ്ടതില്ലാത്ത അഞ്ചുവർഷം. വോട്ടർമാർ സ്ഥിരതക്ക് മാർക്ക് നൽകിയിരിക്കുന്നു എന്നുവേണം കരുതാൻ. ഇപ്പോൾ നിരുപാധിക പിന്തുണ വാഗ്ദാനം ചെയ്യുന്ന സ്ഥാനമോഹികളായ മുൻ സഖ്യകക്ഷികളെക്കൂടി മാറ്റിനിർത്തിയാൽ 10 ജൻപഥും 24 അക്ബർ റോഡും അടുത്ത അഞ്ചുവർഷത്തേക്കുള്ള ഇന്ത്യൻ കാര്യങ്ങൾ സ്വതന്ത്രമായി തീരുമാനിച്ചു നടപ്പാക്കും.

എക്സിറ്റ് പോളുകൾ ഒരിക്കൽകൂടി തോൽവി സമ്മതിച്ച തെരഞ്ഞെടുപ്പായിരുന്നു ഇത്തവണത്തേത്. 2004ലെപ്പോലെ വമ്പൻ അബദ്ധം പിണഞ്ഞില്ലെന്ന് മാത്രം. അവസാനഘട്ടത്തിൽ എൻ.ഡി.എ മുന്നേറുമെന്ന തങ്ങളുടെ 'പൂതി' പ്രവചിക്കുകയായിരുന്നു മാധ്യമങ്ങൾ. പാവം ബി.ജെ.പി നേതാക്കൾ തലങ്ങും വിലങ്ങും ഓടിനടന്ന് യോഗങ്ങൾ നടത്തി. ചിലരെയൊക്കെ ചാക്കിട്ടുപിടിച്ചു. മറ്റുപലരും മറുകണ്ടം ചാടിയേക്കുമെന്ന പ്രതീതി സൃഷ്ടിച്ചു. ഫലം വന്നപ്പോൾ ഇതേ മാധ്യമങ്ങൾ

തന്നെ ബി.ജെ.പി ഓഫിസിലെ ശ്മശാനമൂകതയെ ക്രൂരമായി ചിത്രീകരിക്കുകയും ചെയ്തു.

ഫലം വളരെ ഏകരൂപമായിരുന്നു. സംസ്ഥാനങ്ങളിലെ മാൻഡേറ്റുകൾ പെറുക്കിക്കൂട്ടിയപ്പോൾ യു.പി.എ കഷ്ടിച്ച് രക്ഷപ്പെടുകയായിരുന്നില്ല. മറിച്ച് രാജ്യത്തുടനീളം കോൺഗ്രസ് നില മെച്ചപ്പെടുത്തി, യു.പി.എക്കുള്ളിൽ തങ്ങളുടെ അധീശത്വം അരക്കിട്ടുറപ്പിച്ചു.

## ബി.ജെ.പിക്ക് സംഭവിച്ചത്

ശരാശരി ഇന്ത്യൻ വോട്ടർ അവർഗീയനാണ് എന്നതാണ് ഈ തെരഞ്ഞെടുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട സന്ദേശം. കാവിപ്പട അടിത്തറ കെട്ടിപ്പൊക്കിയ ഹിന്ദി മേഖലയിൽ സാധാരണക്കാരും ന്യൂനപക്ഷങ്ങളും കൂട്ടത്തോടെ കോൺഗ്രസിന്റെ ബട്ടൺ അമർത്തി. ബി.ജെ.പിയും കോൺഗ്രസും മാത്രം മത്സരിച്ച രാജസ്ഥാനിലും മധ്യപ്രദേശിലും കോൺഗ്രസിന് വമ്പിച്ച മുന്നേറ്റമുണ്ടായി. മറുവശത്ത് ബി.ജെ.പിയുടെ നടുവൊടിഞ്ഞും പോയി.

നേടാവുന്നതിന്റെ പരമാവധിയായിരുന്നു ബി.ജെ.പിക്ക് 2004ൽ കിട്ടിയത്. നില മെച്ചപ്പെടണമെങ്കിൽ അത്ഭുത അജണ്ടകൾ ഉണ്ടാകണമായിരുന്നു. എന്നാൽ വൈകാരികതയെ വോട്ടാക്കാനല്ലാതെ, ഭരിക്കാൻ ഒട്ടുമറിയില്ല എന്നവർ വിവിധ സംസ്ഥാനങ്ങളിൽ ആവർത്തിച്ചു തെളിയിച്ചുകൊണ്ടിരുന്നു. പല സംസ്ഥാനങ്ങളിലും ഈയിടെ നടന്ന തെരഞ്ഞെടുപ്പുകളിൽ ബി.ജെ.പി തോറ്റു തുന്നംപാടിയിരുന്നു. പ്രതിപക്ഷത്തിരുന്ന് ബഹളംവെച്ചുവെന്നല്ലാതെ ഒരുകാര്യത്തിലും കോൺഗ്രസിൽ നിന്ന് വ്യത്യസ്തമായ നിലപാട് അവർക്കുണ്ടായിരുന്നില്ല. ഇതിനൊക്കെ പുറമെ ശക്തമായ പാളയത്തിൽ പടയും. മൃഗസ്നേഹിയായ മേനകാഗാന്ധിയുടെ മകൻ അവസാനം കുരച്ചുനോക്കിയെങ്കിലും പിലിഭിത്തിനു പുറത്തേക്ക് ശബ്ദം നീങ്ങിയില്ല. വരുണും മോഡിയും തങ്ങൾക്ക് ഉള്ളതും ഇല്ലാതാക്കിയെന്ന് ചില നേതാക്കൾ തുറന്നുപറയുകയും ചെയ്തു. ചുരുക്കത്തിൽ പാവം അദ്വാനി പ്രധാനമന്ത്രിയാവാൻ വെച്ച വെള്ളം അടുപ്പത്തുനിന്നിറക്കി. ഇനി അടുത്ത അഞ്ചുവർഷം കലാപങ്ങളും സ്ഫോടനങ്ങളും ഉണ്ടാക്കി തിരിച്ചുവരുന്നതിനെക്കുറിച്ചായിരിക്കുമോ ബി.ജെ.പി ബുദ്ധികേന്ദ്രങ്ങൾ ആലോചിക്കുന്നത്?

## മൂന്നാം മുന്നണിയും ഇടതുപക്ഷവും

തത്ത്വംകൊണ്ട് മികച്ചതും പ്രയോഗത്തിൽ പരാജയവുമായ പരീക്ഷണമായിരുന്നു മൂന്നാം മുന്നണി. ബി.ജെ.പിയുടെ വർഗീയതക്കും കോൺഗ്രസിന്റെ സാമ്രാജ്യത്വ അനുകൂല നയങ്ങൾക്കും ബദലായി ഒരു പുതുചേരി എന്ന ആശയം മുന്നോട്ടുവെച്ചത് ഇടതുപാർട്ടികളായിരുന്നു. അവരെ സംബന്ധിച്ചേടത്തോളം അതിന് ആശയപരമായ അടിത്തറ ഉണ്ടായിരുന്നുതാനും. എന്നാൽ അവസരവാദികളും സ്ഥാനമോഹികളുമായ കുറെ പ്രാദേശിക കക്ഷികളെയാണ് അവർക്ക് കൂട്ടുകിട്ടിയത്. അധികാരത്തിനപ്പുറം വർഗീയതയും സാമ്രാജ്യത്വവും ഇക്കൂട്ടർക്ക് വിഷയമായിരുന്നില്ല. കിട്ടിയ അവസരത്തിൽ ബി.ജെ.പിയോട് കിടക്ക പങ്കിട്ടവരാണ് അവരിൽ പലരും. കോൺഗ്രസ് തരംഗത്തിൽ ഈ ചെറുകക്ഷികളൊക്കെ ഒലിച്ചുപോയി. ഇടതുപക്ഷമാവട്ടെ തങ്ങളുടെ കോട്ടകളിൽ മൂക്കുകുത്തി വീഴുകയും ചെയ്തു. സ്വാഭാവിക പരിണതി തന്നെയാണ് മൂന്നാം മുന്നണിക്കുണ്ടായത്; തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ അങ്ങനെ ഒരു സാധനം തന്നെ ബാക്കിയില്ല!

ഇടതുപക്ഷം ഇന്ത്യയിൽ അപ്രസക്തമായിത്തീർന്നിരിക്കുന്നു എന്ന വായനയും ഈ തെരഞ്ഞെടുപ്പിനു ശേഷം നടത്തപ്പെടുന്നുണ്ട്. യഥാർഥത്തിൽ ഇടതുപക്ഷത്തിന് കഴിഞ്ഞതവണ ലഭിച്ച ദേശീയ പദവിയെന്ന ബലൂൺ പൊട്ടിപ്പോവുകയാണ് ചെയ്തത്. കേരളം വിട്ടാൽ ബംഗാളിൽ മാത്രം സ്റ്റോപ്പുള്ള സ്പെഷ്യൽ വണ്ടിയാണ് ഇടതുപക്ഷം (ബംഗാളിൽ നിന്ന് ത്രിപുരയിലേക്ക് ലോക്കൽ സർവീസുമുണ്ട്). കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഈ സ്റ്റോപ്പുകളിൽനിന്ന് വണ്ടിയിൽ ആളുകൾ കൂടുതൽ കയറിയപ്പോൾ വണ്ടിക്ക് ഒരു 'മിനി രാജധാനി' പദവി ലഭിച്ചു. കേന്ദ്രത്തിൽ ഏറക്കുറെ നല്ല പ്രവർത്തനം അവർ കാഴ്ചവെക്കുകയും ചെയ്തു. കഴിഞ്ഞ യു.പി.എ സർക്കാറിന്റെ ആദ്യ നാലരവർഷം ക്രിയാത്മകമാക്കിയതിലും സംഹാരാത്മകത കുറച്ചതിലും ഇടതുപക്ഷത്തിന്റെ പങ്ക് വലുതാണ്. ഇതിന്റെ അംഗീകാരമായിരുന്നു പാർലമെന്റിലെ ഇടതുപക്ഷ അംഗങ്ങളുടെ മികച്ച പെർഫോമൻസ് പരാമർശിക്കപ്പെട്ട റിപ്പോർട്ടുകൾ.

> **യു.പി.എ സർക്കാറിന്റെ പല ജനോപകാര നയങ്ങളും ഇടതുപക്ഷ സമ്മർദത്തിന്റെ സംഭാവനകളായിരുന്നു. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ തന്നെ വേറിട്ട് രേഖപ്പെടുത്തപ്പെട്ട വിവരാവകാശ നിയമം, ദേശീയ തൊഴിലുറപ്പ് പദ്ധതി, കാർഷിക കടം എഴുതിത്തള്ളൽ തുടങ്ങിയ പദ്ധതികൾ ഇടതുപക്ഷവാശിയിൽ പൊതുമിനിമം പരിപാടിയിൽ വന്നുചേർന്നതാണ്. ഇത് നടപ്പാക്കപ്പെട്ടതോടെ യു.പി.എക്ക് ഇവയുടെ ക്രെഡിറ്റ് കിട്ടുകയും ചെയ്തു.**

ഒരർഥത്തിൽ യു.പി.എ സർക്കാറിന്റെ പല ജനോപകാര നയങ്ങളും ഇടതുപക്ഷ സമ്മർദത്തിന്റെ സംഭാവനകളായിരുന്നു. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ തന്നെ വേറിട്ട് രേഖപ്പെടുത്തപ്പെട്ട വിവരാവകാശ നിയമം, ദേശീയ തൊഴിലുറപ്പ് പദ്ധതി, കാർഷിക കടം എഴുതിത്തള്ളൽ തുടങ്ങിയ പദ്ധതികൾ ഇടതുപക്ഷവാശിയിൽ പൊതുമിനിമം പരിപാടിയിൽ വന്നുചേർന്നതാണ്.



മമത ബാനർജി

ഇത് നടപ്പാക്കപ്പെട്ടതോടെ യു.പി.എക്ക് ഇവയുടെ ക്രെഡിറ്റ് കിട്ടുകയും ചെയ്തു.

മറുവശത്ത് ഇടതുപാർട്ടികളാവട്ടെ, തങ്ങളുടെ തട്ടകങ്ങളിൽ കേന്ദ്രത്തിലെ സമീപനത്തിന് നേർ വിരുദ്ധമായി ജനവിരുദ്ധ നിലപാടുകളാണെടുത്തത്. കേരളത്തിൽ ഉൾപ്പാർട്ടി പ്രശ്നങ്ങൾ തെരുവിലേക്ക് വലിച്ചിഴക്കപ്പെട്ടു. ന്യൂനപക്ഷങ്ങൾ അസംതൃപ്തരായി. ഭരണം നിശ്ചലമായി പലപ്പോഴും. ബംഗാളിൽ ജനങ്ങളെ കൊന്നും വ്യവസായികളെ വളർത്താൻ പാർട്ടി ധാർഷ്ട്യം കാണിച്ചു. അഹങ്കാരത്തിനും മുഷ്കിനും ജനങ്ങൾ ശിക്ഷ വിധിച്ചപ്പോൾ സ്വാഭാവികമായും ഇരു സ്ഥലങ്ങളിലും ഇടതുപക്ഷം ഊരയൊടിഞ്ഞില്ലാതായി. ചുരുക്കത്തിൽ, കേന്ദ്ര-സംസ്ഥാന സമീപനങ്ങളിലെ പ്രകടമായ വൈരുധ്യമാണ് ഇടതുപക്ഷത്തെ അപ്രസക്തമാക്കിയത്. കേന്ദ്രത്തിലെ ക്രിയാത്മക പ്രതിപക്ഷബെഞ്ചിൽ ഇപ്പോഴുണ്ടായ ശൂന്യതക്ക് കാരണം സ്വന്തം നയങ്ങൾ തന്നെയാണെന്ന് ഇടതുപക്ഷം മനസ്സിലാക്കിയാൽ അവർക്കു നന്ന്.

### പ്രാദേശിക പാർട്ടികൾ

കഴിഞ്ഞതവണ നിർണായക സ്വാധീനമുണ്ടായിരുന്ന പല പ്രാദേശിക ചെറുകക്ഷികൾക്കും ഇത്തവണ കാലിടറി. ഭരണരംഗത്ത് കൃത്യവിലോപം കാണിക്കുകയും അവസരവാദ രാഷ്ട്രീയം കളിക്കുകയും ചെയ്തവരെ ജനം തെരഞ്ഞുപിടിച്ചു ശിക്ഷിച്ചു. മികച്ച ഉദാഹരണമാണ് പാസ്വാൻ-ലാലു ടീമിന് വന്നുപെട്ട ഗതികേട്. ആര് ഭരണത്തിൽ വന്നാലും അതിനകത്ത് കയറിപ്പറ്റുക എന്ന നയത്തിന് കനത്ത തിരിച്ചടിയാണ് കിട്ടിയത്. ഭൂരിപക്ഷത്തിൽ ഗിന്നസ് റെക്കോഡുകാരനായ പാസ്വാൻ ഹാജിപൂരിൽ തോറ്റമ്പി. ഒരൊറ്റ എൽ.ജെ.പിക്കാരനും ഇത്തവണ പച്ചതൊട്ടില്ല. 16 ശതമാനം വരുന്ന ബീഹാറിലെ മുസ്‌ലിം വോട്ട്ബാങ്കിനെ ബ്ലാങ്ക് ചെക്കായി കണ്ടയാളാണ് ലാലുയാദവ്. മുസ്‌ലിംകൾക്ക് താൻ സുരക്ഷ നൽകിയിട്ടുണ്ട് എന്നാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ അവകാശവാദം. 'മുസ്‌ലിംകൾ എന്നെന്നും എനിക്കു വോട്ടുചെയ്തുകൊണ്ടിരിക്കുക; ഭരണ നേട്ടങ്ങൾ യാദവർക്ക് മാത്രവും' എന്ന ലാലു ലൈനിനെ ന്യൂനപക്ഷങ്ങൾ ഇത്തവണ വിലക്കെടുത്തില്ല. മികച്ച ഭരണം കാഴ്ചവെച്ച നിതീഷിന് മുസ്‌ലിംകളടക്കം ഏവരും പിന്തുണ നൽകി.

ആന്ധ്രയിൽ സംഭവിച്ചതും മറ്റൊന്നല്ല. വിശാല സഖ്യമുണ്ടാക്കി ഇടതുപക്ഷത്തോടൊപ്പം ചേർന്ന് മതേതരത്വം പ്രസംഗിക്കുമ്പോഴും നായിഡുവിന്റെ ബി.ജെ.പി ബന്ധമടക്കമുള്ള പഴയകാല ചരിത്രം ജനം മറന്നിരുന്നില്ല. വൈ.എസ്.ആർ എന്ന ജനപ്രിയ മുഖ്യമന്ത്രിയുടെ ഭരണനേട്ടങ്ങളെ മുന്നിൽ നിർത്തി കോൺഗ്രസ് തേരോട്ടം നടത്തിയപ്പോൾ വിശാലസഖ്യം പൊളിഞ്ഞു പാളീസായി.

യു.പിയിൽ മായാവതിയെ ജനം അവിശ്വസിച്ചു തുടങ്ങിയിരിക്കുന്നു. ഭരണരംഗത്തെ പരാജയത്തിനു പുറമെ ഭരണത്തിന്റെ തണലിൽ നടക്കുന്ന ഗുണ്ടാവിളയാട്ടം കൊണ്ട് ജനം പൊറുതിമുട്ടിയിരുന്നു. സ്മാരകങ്ങൾ ഉണ്ടാക്കാനാണ് മുഖ്യമന്ത്രിക്ക് താൽപര്യം എന്ന് ജനം അടക്കംപറഞ്ഞു. കല്യാൺസിംഗിനെ ചേർത്തുപിടിച്ച മുലായത്തെയും ജനം ഏറക്കുറെ കൈയൊഴിഞ്ഞു. കാലി പോസ്റ്റിലേക്ക് ഗോളുകൾ അടിച്ചുകയറ്റിയത് ഇവിടെയും കോൺഗ്രസായിരുന്നു.

തമിഴ്നാട്ടിലും അവസരവാദികളെ ജനം ഓടിച്ചു. ഇതുവരെ എൽ.ടി.ടി.ഇ വിരുദ്ധ നിലപാടെടുത്ത് ഇലക്ഷൻ തലേന്ന് പുലിസ്നേഹിയായി അവതരിച്ച ജയലളിതാമ്മയെ തമിഴർ തിരിച്ചറിഞ്ഞു. വിശാലസഖ്യം അവിടെയും പൊട്ടിപ്പൊളിഞ്ഞു. രണ്ടു രൂപക്ക് അരിയും സൗജന്യമായി ടി.വിയും നൽകിയതിനു പുറമെ കരുണാനിധിയുടെ ഉപവാസ(നാടക)ത്തിനും തമിഴരിൽ സ്വാധീനമുണ്ടാക്കാൻ കഴിഞ്ഞു.

വേറിട്ടുനിന്നത് ഒറീസയിലെ നവീൻ പട്നായിക്കാണ്. ഹാട്രിക് തികച്ച മുഖ്യമന്ത്രിയുടെ ഭരണനേട്ടം തന്നെയാണ് പ്രധാന തുറുപ്പുചീട്ട്. കന്ധമാലിൽ പ്രശ്നമുണ്ടാക്കിയ കൂട്ടാളികളായ ബി.ജെ.പിയെ തക്കസമയത്ത് തള്ളിക്കളഞ്ഞത് നവീനിന്റെ മികച്ച രാഷ്ട്രീയതന്ത്രജ്ഞതയുടെ തെളിവാണ്. ഭരിക്കാനറിയുന്നവർ ജയിക്കും എന്ന സാമാന്യ തത്ത്വമാണ് ഇവിടെ പ്രതിഫലിച്ചത്.

അപ്പുറവും ഇപ്പുറവും നിന്ന് ഒളിച്ചുകളി നടത്തിയ ശരത്പവാറിന് കനത്ത തിരിച്ചടിയാണ് മഹാരാഷ്ട്രക്കാർ നൽകിയത്. എം.എൻ.എസ് ബി.ജെ.പി-ശിവസേന വോട്ടുകളിൽ വിള്ളൽ വീഴ്ത്തിയപ്പോൾ നേട്ടം ലഭിച്ചത് ഇവിടെയും കോൺഗ്രസിനു തന്നെ.

കർണാടകയിലെ ബി.ജെ.പി ഭീഷണിയെ മുന്നിൽകണ്ട് സമർഥമായ നിലപാടെടുക്കാൻ കോൺഗ്രസിനും ജെ.ഡി.എസിനും കഴിഞ്ഞില്ല. മൂന്നാം മുന്നണി അധികാരത്തിൽ വരുമെന്ന് ദിവാസ്വപ്നം കണ്ട് ജനതാദളുകാർ കോൺഗ്രസുമായി സഖ്യമുണ്ടാക്കാനും വഴങ്ങിയില്ല. ജമാഅത്തെ ഇസ്‌ലാമി അടക്കമുള്ള മുസ്‌ലിം സംഘടനകൾ ഇരുപക്ഷത്തോടും ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു. അവസാനം മൂന്നാംമുന്നണി പൊളിയുമെന്നായപ്പോൾ കുമാരസ്വാമി തലയിൽ മുണ്ടിട്ട് സോണിയയെ കാണാൻപോയി. ഈ ബുദ്ധി ആദ്യമേ തോന്നിയിരുന്നെങ്കിൽ സംസ്ഥാനത്ത് ബി.ജെ.പിയെ ഒരു പരിധിയോളം തളക്കാമായിരുന്നു. ജനതാദളിനാകട്ടെ കുറച്ചധികം സീറ്റുകളും കിട്ടുമായിരുന്നു.

ലാലു പ്രസാദ് യാദവും രാംവിലാസ് പാസ്വാനും



### മുസ്‌ലിം രാഷ്ട്രീയത്തിന്റെ ദൈന്യത

വിവേകമല്ല, വികാരമാണ് ഇന്ത്യൻ മുസ്‌ലിംകളെ നയിക്കുന്നത് എന്ന് ഒരിക്കൽകൂടി തെളിയിച്ചു ഈ തെരഞ്ഞെടുപ്പ്. കാള പെറ്റെന്നു കേട്ടാൽ കയറെടുക്കും വിധമാണ് സമുദായ പ്പാർട്ടികൾ തെരഞ്ഞെ

ടുപ്പിനെ നേരിട്ടത്. മുസ്‌ലിം പാർട്ടികൾ എന്ന ലേബലിൽ നിരവധി കക്ഷികളാണ് ഇത്തവണ തെരഞ്ഞെടുപ്പിനുണ്ടായിരുന്നത്. ആസാം, യു.പി, ബംഗാൾ, മഹാരാഷ്ട്ര, ആന്ധ്ര, തമിഴ്നാട്, കേരളം എന്നിവിടങ്ങളിലാണ് പഴയതും പുതിയതുമായ ഈ കക്ഷികൾ മാറ്റുരച്ചത്. കേരളത്തിലെ ലീഗും ഹൈദരാബാദിലെ മജ്‌ലിസും സഖ്യരാഷ്ട്രീയത്തിലൂടെ മാന്യമായ വിജയം നേടി. ആസാമിൽ എ.യു.ഡി.എഫിനും കിട്ടി ഒരു സീറ്റ്. ബാക്കിയുള്ളിടങ്ങളിലൊന്നും ഈ കക്ഷികൾ കാര്യമായ ചലനങ്ങളുണ്ടാക്കിയില്ല. ആസാമിലടക്കം ചിലയിടങ്ങളിലെങ്കിലും ബി.ജെ.പിക്ക് വിജയമൊരുക്കുന്നതിലും ഇവർ പങ്കുവഹിച്ചു.


ബദ്റുദ്ദീൻ അജ്മൽ

ആസാമിലെ എ.യു.ഡി.എഫിനെയാണ് ഈയർഥത്തിൽ പ്രത്യേകമായി അവലോകനം ചെയ്യേണ്ടത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പോടെയാണ് ഈ കക്ഷി ശ്രദ്ധിക്കപ്പെടുന്നത്. മത്സരിച്ച ആദ്യ തെരഞ്ഞെടുപ്പിൽ തന്നെ 10 എം.എൽ.എമാരെ ഉണ്ടാക്കി ദേശീയ ശ്രദ്ധ നേടാൻ എ.യു.ഡി.എഫിനായി. മുസ്‌ലിം വോട്ടുബാങ്കിനെ ഫലപ്രദമായി ഉപയോഗപ്പെടുത്തിയും ഇതര സമുദായപ്രതിനിധികളെ ഉൾക്കൊള്ളിച്ചും എ.യു.ഡി.എഫ് നടത്തിയ നീക്കങ്ങൾ ശ്രദ്ധേയവും ക്രിയാത്മകവുമായിരുന്നു. എന്നാൽ പാർട്ടി മുഖ്യൻ ബദ്റുദ്ദീൻ അജ്മലിന്റെ ദീർഘവീക്ഷണമില്ലാത്ത നീക്കങ്ങളാണ് ഇത്തവണ വിനയായത്.

തെരഞ്ഞെടുപ്പിന് മുമ്പ് ആസാമിൽ എ.യു.ഡി.എഫും എൻ.സി.പിയും ഇടതുകക്ഷികളും ചേർന്ന് മുന്നണി രൂപീകരിച്ചിരുന്നു. മുന്നണിപ്രഖ്യാപനം വന്നദിവസം വൈകുന്നേരം തന്നെ താൻ സിൽച്ചറിലും ദുബ്രിയിലും മത്സരിക്കുമെന്ന് ബദ്റുദ്ദീൻ അജ്മൽ പ്രസ്താവനയിറക്കി. ഇത് മുന്നണി മര്യാദകൾക്ക് വിരുദ്ധമാണ് എന്ന് ചൂണ്ടിക്കാട്ടിയ ഇടതുകക്ഷികളോട് അടുത്തദിവസം നടത്തിയ പത്രസമ്മേളനത്തിൽ അദ്ദേഹത്തിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു: "മുന്നണിയിലെ പ്രധാനകക്ഷിയുടെ നേതാവായ എന്റെ തീരുമാനം അവർ അംഗീകരിക്കുമെന്നാണ് ഞാൻ കരുതുന്നത്. അവർക്ക് പ്രയാസമുണ്ടെങ്കിൽ വേറിട്ട് നടക്കുകയുമാവാം." ഫലമോ, മുന്നണി പൊളിഞ്ഞു. മൂവരും വേറിട്ട് മത്സരിച്ചു.

എ.യു.ഡി.എഫ് ആകെ മത്സരിച്ചത് ഏഴു സീറ്റുകളിൽ. ഇതിൽ രണ്ടിടത്ത് ബദ്റുദ്ദീൻ അജ്മലും രണ്ടിടത്ത് സഹോദരൻ സിറാജുദ്ദീൻ അജ്മലും മത്സരിച്ചു. ദുബ്രിയിൽ പാർട്ടി നേതാവ് വൻഭൂരിപക്ഷത്തിന് വിജയിച്ചു. എന്നാൽ മൂന്നു മണ്ഡലങ്ങളിൽ ബി.ജെ.പി-എ.ജി.പി വിജയത്തിന് കളമൊരുക്കിയത് എ.യു.ഡി.എഫ് ആയിരുന്നു. ഗുവാഹത്തിയിൽ 11,855 വോട്ടിനാണ് ബി.ജെ.പി ജയിച്ചത്. ഇവിടെ എ.യു.ഡി.എഫ് പിടിച്ചത് 73,316 വോട്ടുകൾ. മംഗൾദോയിൽ എ.യു.ഡി.എഫ് 1,80,430 വോട്ടുകൾ നേടി മൂന്നാം സ്ഥാനത്താണുള്ളത്. ഇവിടെ 55,849 വോട്ടിനാണ് ബി.ജെ.പി സ്ഥാനാർഥി കോൺഗ്രസ് സ്ഥാനാർഥിയെ തോൽപിച്ചത്. നൗഗോങ്ങിലും എ.യു.ഡി.എഫ് മൂന്നാം സ്ഥാനത്താണ്. ഇവിടെ ബി.ജെ.പി ജയിച്ചത് 45,380 വോട്ടിന്. എ.യു.ഡി.എഫ് പിടിച്ചത് 2,45,155 വോട്ടുകൾ. സിൽച്ചറിൽ എ.യു.ഡി.എഫ് തോറ്റത് 41,470 വോട്ടുകൾക്ക്. ഇവിടെ സി.പി.എം സ്ഥാനാർഥി 11,831 വോട്ടുനേടി. തേസ്പൂരിൽ ജയിച്ചത് എ.ജി.പി ആണ്. ഭൂരിപക്ഷം 30,153 വോട്ടുകൾ. ഇവിടെ എ.യു.ഡി.എഫ് 46,255 വോട്ടും സി.പി.എം 36,734 വോട്ടും നേടി. മണ്ഡലങ്ങൾക്കനുസരിച്ച് ബി.ജെ.പി-എ.ജി.പി സഖ്യത്തെ തോൽപിക്കാൻ പാകത്തിലുള്ള നിലപാടെടുക്കുകയോ സി.പി.എം-എൻ.സി.പി കക്ഷികളുമായി സഖ്യമുണ്ടാക്കുകയോ ചെയ്തിരുന്നെങ്കിൽ സംസ്ഥാനത്തുനിന്ന് ബി.ജെ.പിയെ തുടച്ചുനീക്കുന്നതിൽ എ.യു.ഡി.എഫിന് നേതൃപരമായ പങ്കുവഹിക്കാമായിരുന്നു. മുസ്‌ലിം സംഘടനകൾ എ.യു.ഡി.എഫ് നേതൃത്വത്തെ ഇക്കാര്യം ബോധ്യപ്പെടുത്തിയിരുന്നു. എന്നാൽ സംസ്ഥാന മന്ത്രിസഭയിൽ ചേർക്കാത്തതിന് കെറുവ് കാണിച്ച് ഒറ്റക്കു മത്സരിക്കാനാണ് ബദ്റുദ്ദീൻ അജ്മൽ തിടുക്കം കാണിച്ചത്. ഇപ്പോഴാകട്ടെ യു.പി.എ മന്ത്രിസഭയിൽ കയറിപ്പറ്റാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നു.

**സംസ്ഥാനത്തുനിന്ന് ബി.ജെ.പിയെ തുടച്ചുനീക്കുന്നതിൽ എ.യു.ഡി.എഫിന് നേതൃപരമായ പങ്കുവഹിക്കാമായിരുന്നു. മുസ്‌ലിം സംഘടനകൾ എ.യു.ഡി.എഫ് നേതൃത്വത്തെ ഇക്കാര്യം ബോധ്യപ്പെടുത്തിയിരുന്നു. എന്നാൽ സംസ്ഥാന മന്ത്രിസഭയിൽ ചേർക്കാത്തതിന് കെറുവ് കാണിച്ച് ഒറ്റക്കു മൽസരിക്കാനാണ് ബദ്റുദ്ദീൻ അജ്മൽ തിടുക്കം കാണിച്ചത്. ഇപ്പോഴാകട്ടെ യു.പി.എ മന്ത്രിസഭയിൽ കയറിപ്പറ്റാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നു.**

തമിഴ്നാട്ടിലെ പുതിയ മുസ്‌ലിം കക്ഷിയായ എം.എം.കെ നാലു മണ്ഡലങ്ങളിൽ പതിനായിരത്തിനും ഇരുപതിനായിരത്തിനും ഇടയിൽ വോട്ടുകൾ നേടി.

മുസ്‌ലിം കക്ഷികളുടെ ബാഹുല്യം കൊണ്ട് ശ്രദ്ധിക്കപ്പെട്ട സംസ്ഥാനമായിരുന്നു ഉത്തർപ്രദേശ്. ബട്ല ഹൗസ് സംഭവത്തിനുശേഷം ഉജ്ജ്വലമായ പ്രതിഷേധപരിപാടികൾ നടത്തി ശ്രദ്ധിക്കപ്പെട്ട സംഘടനയാണ് ഉലമാ കൗൺസിൽ. തങ്ങളും തെരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന് പ്രഖ്യാപിച്ചപ്പോഴേ അവധാനത കാണിക്കണമെന്ന് അഭ്യുദയകാംക്ഷികൾ ഉലമാ കൗൺസിൽ നേതൃത്വത്തെ ഉപദേശിച്ചിരുന്നു. ഒന്നും കേൾക്കാതെ ഉലമാ കൗൺസിൽ മത്സരിച്ചു. മുസ്‌ലിം വോട്ട് ഭിന്നിച്ച് ബി.ജെ.പിക്ക് ജയസാധ്യത കൂടുകയില്ലേ എന്ന് തെരഞ്ഞെടുപ്പ് കാലത്ത് ഒരു പത്രപ്രവർത്തകൻ ഉലമാ കൗൺസിൽ നേതാവിനോട് ചോദിച്ചപ്പോൾ പ്രതികരണം ഇങ്ങനെയായിരുന്നു: "ബി.ജെ.പി ജയിക്കട്ടെ ജയിക്കാതിരിക്കട്ടെ, ബി.ജെ.പിയെ തോൽപിക്കേണ്ടത് ഞങ്ങളുടെ മാത്രം ഉത്തരവാദിത്വമല്ലല്ലോ."

പീസ് പാർട്ടി, മുസ്‌ലിം മജ്‌ലിസ്, മുഅ്മിൻ കോൺഫറൻസ്, പർച്ചം പാർട്ടി, നാഷ്ണൽ ലോക് താന്ത്രിക് പാർട്ടി തുടങ്ങി മറ്റനേകം കൊച്ചു മുസ്‌ലിം പാർട്ടികളും രംഗത്തിറങ്ങിയിരുന്നു. ഇവയൊന്നും യഥാർഥത്തിൽ പാർട്ടികളല്ല. ഓരോരോ തൊപ്പിയിട്ട നേതാക്കന്മാരും കുറച്ച് വാടക അനുയായികളും. എന്തെങ്കിലും അജണ്ടകളോ നിലപാടുകളോ ഉള്ളവരല്ല ഇവരാരും. ആകെയുള്ള കുറച്ചു മുസ്‌ലിം വോട്ടുകളെയും ഭിന്നിപ്പിച്ച് ശത്രുക്കൾക്ക് സഹായം ചെയ്തുകൊണ്ടിരിക്കുന്ന ഇത്തരക്കാരെ മറികടക്കണമെങ്കിൽ വിശാല കാഴ്ചപ്പാടും കൃത്യമായ നിർണയങ്ങളുമുള്ള ഒരു രാഷ്ട്രീയപ്രസ്ഥാനത്തിന്റെ

പിറവിയിലൂടെ മാത്രമേ സാധിക്കൂ.

ഏഴു സംസ്ഥാനങ്ങളിൽ മുസ്‌ലിം ലീഗ് സ്ഥാനാർഥികൾ മത്സരിച്ചിരുന്നു. തമിഴ്‌നാട്ടിൽ ഡി.എം.കെ ചിഹ്നത്തിൽ വെല്ലൂരിൽ മത്സരിച്ച അബ്ദുറഹ്‌മാൻ വിജയിച്ചു. ബാക്കി എല്ലായിടത്തും കോണി ചിഹ്നത്തിൽ തന്നെ ഒറ്റക്കു മത്സരിച്ചു. യു.പി.എ സഖ്യകക്ഷിയാണെങ്കിലും എല്ലായിടത്തും മത്സരം സ്വന്തക്കാരോട് തന്നെ. സി.പി.എമ്മിന്റെ ന്യൂനപക്ഷ വേട്ടക്കെതിരെ കേരളത്തിൽ അതിശക്തമായി പ്രതികരിക്കുന്ന ലീഗ്, ബംഗാളിൽ സി.പി.എമ്മിനെതിരെ പടനയിക്കുന്ന മമതാ ബാനർജിയുടെ പാർട്ടിയോടും നേരിട്ടുമത്സരിച്ചു. ബരാസതിൽ 6,045 വോട്ടുകൾ കിട്ടിയപ്പോൾ, ഉത്തര കൊൽക്കത്തയിൽ കിട്ടിയത് 1,130 വോട്ടുകൾ. ദക്ഷിണ മാൽദയിലും കൃഷ്ണനഗറിലും ദക്ഷിണ കൊൽക്കത്തയിലും കിട്ടിയത് യഥാക്രമം 5752, 6592, 5896 വോട്ടുകൾ. ആസാമിലെ ബാർപേട്ടയിൽ എ.യു.ഡി.എഫ് സ്ഥാനാർഥിക്കെതിരെ മത്സരിച്ചു നേടിയത് 1,549 വോട്ടുകൾ. ഉത്തർപ്രദേശിലെ അലീഗറിൽ കിട്ടിയത് 1,042 വോട്ടുകൾ. ആന്ധ്രയിലെ സെക്കന്തരാബാദിൽ മാനം കാത്തു. കോൺഗ്രസിനെതിരെ മത്സരിച്ച് ലീഗ് നേടിയത് 18,730 വോട്ടുകൾ. മഹാരാഷ്ട്രയിലെ കല്യാണിലും പൂനെയിലും കിട്ടി 859 ഉം 606ഉം വോട്ടുകൾ!

സ്ഥിരതയുള്ള കോൺഗ്രസ് സർക്കാർ, ബി.ജെ.പിയുടെ പതനം എന്നീ ഘടകങ്ങൾ ഈ തെരഞ്ഞെടുപ്പിന്റെ ഗുണഫലങ്ങളാണെങ്കിലും കോൺഗ്രസിന് മൂക്കുകയറിടാൻ ആരുമുണ്ടാവില്ല എന്ന ഭീകര യാഥാർഥ്യം നിലനിൽക്കുന്നു. വിദേശനയം, സാമ്പത്തികനയം തുടങ്ങിയ മേഖലകളിൽ അമേരിക്കൻ സ്വാധീനം വർധിക്കാതിരിക്കാൻ കാരണമൊന്നും കാണുന്നില്ല. ന്യൂനപക്ഷങ്ങളോടുള്ള നിലപാടിൽ 'മൃദുഹിന്ദുത്വ' നയത്തിൽ നിന്ന് മാറിനടക്കാൻ കോൺഗ്രസിന് കഴിയുമെന്നും തോന്നുന്നില്ല. അടുത്ത അഞ്ചുവർഷങ്ങളിൽ ബി.ജെ.പി ഉണ്ടാക്കിയേക്കാവുന്ന വർഗീയ പ്രശ്നങ്ങൾ ഇതിനു പുറമെയായിരിക്കും. സാമ്രാജ്യത്വ ദാസ്യത്തെയും വർഗീയതയെയും ഒരുപോലെ ചെറുക്കാൻ കഴിയുന്ന കക്ഷികളുടെ/മുന്നണികളുടെ അഭാവത്തിനും അലംഭാവത്തിനും ഇന്ത്യക്കാർ വില കൊടുക്കേണ്ടി വരുമെന്നു തീർച്ച. ■